# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

2015 മാര്‍ച്ച് 18, ബുധന്‍

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങള്‍

**[ആകെ ചോദ്യങ്ങള്‍--30]**

മറുപടി നല്‍കുന്ന മന്ത്രിമാര്‍

ഊര്‍ജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിര്‍മാണവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

### പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള സമീപനം

*181. ശ്രീ.എം. ഹംസ
,, ഇ.പി.ജയരാജന്‍
,, ജി.സുധാകരന്‍
,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളോട് കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകളുടെ സമീപനം സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് അനുകൂലമാണോ ; പ്രസ്തുത സമീപനം മൂലം കടുത്ത പ്രതിസന്ധിയില്‍പ്പെടാത്ത ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങള്‍ സംസ്ഥാനത്തുണ്ടോ;

(ബി) നല്ല നിലയില്‍ പ്രവര്‍ത്തിക്കാന്‍ കഴിയുന്ന സ്ഥാപനങ്ങള്‍ കേന്ദ്ര-സംസ്ഥാന സര്‍ക്കാരുകളുടെ നയത്തിന്റെ ഭാഗമായി തകര്‍ച്ചയിലേക്കും തുടര്‍ന്ന് സ്വകാര്യവല്‍കരണത്തിലേക്കും നയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ?

### നികുതി വരുമാനം

*182. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, ജെയിംസ് മാത്യു

,, കെ.വി.അബ്ദുൾ ഖാദർ

,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷം തോറും ആളോഹരി ഉപഭോഗം വർദ്ധിക്കുന്നതിന്റെ തോത് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉപഭോഗം വർദ്ധിക്കുന്നതിനനുസരിച്ച് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുമോ ;വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ മേൽ രീതിയിൽ മുൻവർഷങ്ങളെക്കാൾ നികുതി വരുമാനത്തിലെ വ്യത്യാസങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഉപഭോഗ വർദ്ധനക്കനുസരിച്ച് വില്പന നികുതി വർദ്ധന ഉണ്ടാകുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) വില്പന നികുതിയിനത്തിൽ വ്യാപാരികൾ ഈടാക്കുന്ന തുക യഥാവിധി ഖജനാവിൽ എത്തിച്ചേരുന്നുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

## ഊർജ്ജ പ്രതിസന്ധി

*183. ശ്രീ.തോമസ് ഉണ്ണിയാടൻ

,, മോൻസ് ജോസഫ്

,, സി.എഫ്.തോമസ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് പുതിയ ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജലവൈദ്യുത പദ്ധതികൾ പുതുതായി ആരംഭിക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## റിസ്ക് ഫണ്ട് പദ്ധതി

*184. ശ്രീ.എം.എ. വാഹീദ്

,, സണ്ണി ജോസഫ്

,, ബെന്നി ബെഹനാൻ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തി; വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; മുൻ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് ഈ ഇനത്തിൽ നൽകിയത്; വിശദികരിക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## <u>വെർച്ച്വൽ ഐ.റ്റി. കേഡർ</u>

*185. ശ്രീ.കെ.ശിവദാസൻ നായർ

,, വർക്കല കഹാർ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെർച്ച്വൽ ഐ.റ്റി. കേഡർ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇ - ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ആരുടെയെല്ലാം സഹായത്തോടുകൂടിയാണ് ഇത് പ്രവർത്തിക്കുന്നതെന്നു വിശദമാക്കുമോ?

## <u>സെന്റർ ഫോർ ട്രൈബൽ എഡ്യൂക്കേഷൻ ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് നടത്തിയ പഠനം</u>

*186. ശ്രീ.ഇ.ചന്ദ്രശേഖരൻ

,, വി.ശശി

,, കെ.അജിത്

,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ ട്രൈബൽ എഡ്യൂക്കേഷൻ ഡവലപ്പ്മെന്റ് ആന്റ് റിസർച്ച് ആദിവാസികൾക്കിടയിൽ പ്രത്യേകിച്ച് അട്ടപ്പാടി മേഖലയിൽ നടത്തിയ പുതിയ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) 1982-ലെ കണക്ക് പ്രകാരം ആദിവാസികളുടെ കൈവശമുണ്ടായിരുന്ന കൃഷിഭൂമി അന്യാധീനപ്പെട്ടതായി പഠന റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ വ്യക്തമാക്കാമോ ?

## വഴിയോര കച്ചവടക്കാരുടെ സംരക്ഷണം

*187. ശ്രീ.ജോസ് തെറ്റയിൽ

,, സി.കെ.നാണു

,, മാത്യു റ്റി.തോമസ്

ശ്രീമതി.ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജസ്ഥാൻ, മിസ്സോറാം, അരുണാചൽ പ്രദേശ്, മദ്ധ്യപ്രദേശ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ വഴിയോര കച്ചവടക്കാരുടെ സംരക്ഷണത്തിന് വേണ്ടി നിയമനിർമ്മാണം നടത്തിയിട്ടുള്ളതുപോലെ കേരളത്തിലും നിയമനിർമ്മാണം നടത്തുമോ എന്ന് വിശദമാക്കാമോ;

(ബി) 2014 - ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദി സ്ട്രീറ്റ് വെൻഡേഴ്സ് (പ്രൊട്ടെക്ഷൻ ഓഫ് ലൈവ്ലിലിഹുഡ് ആൻഡ് റെഗുലേഷൻ ഓഫ് സ്ട്രീറ്റ് വെന്ടിംഗ്) ആക്റ്റ് എന്ന നിയമം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ കേരളത്തിൽ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## ഭവന നിർമ്മാണത്തിനുള്ള സാങ്കേതിക വികസന പ്രവർത്തനങ്ങൾ

*188. ശ്രീ.പി.ഉബൈദുള്ള

,, റ്റി.എ.അഹമ്മദ് കബീർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണത്തിനുള്ള സാങ്കേതിക സെല്ലിന്റെ പ്രവർത്തനം വിശദമാക്കുമോ; ഇതിന്റെ കഴിഞ്ഞ അഞ്ചു വർഷകാലത്തെ സംഭാവനകൾ സംബന്ധിച്ച

വിശദവിവരം നല്കമോ;

(ബി) സാങ്കേതിക വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ട ടെക്നോളജി ഇന്നൊവേഷൻ ഫണ്ട് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കമോ;

(സി) ഭവനനിർമ്മാണ രംഗത്ത് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യവും അമിത ചെലവും പരിഗണിച്ച്, ലഭ്യമായ ചെലവു കുറഞ്ഞ നിർമ്മാണ വസ്തുക്കളുപയോഗപ്പെടുത്തി, പരിസ്ഥിതി സൗഹൃദ ഭവന നിർമ്മിതിക്കുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് ടെക്നോളജി ഇന്നൊവേഷൻ ഫണ്ട് ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി</u>

*189. ശ്രീ.രാജു എബ്രഹാം

,, എസ്.രാജേന്ദ്രൻ

ശ്രീമതി.കെ.എസ്.സലീഖ

,, കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് ഈ സർക്കാർ ജാഗ്രത കാണിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ആദിവാസി വനാവകാശ നിയമം ഉപയോഗിച്ച് ഭൂമി അർഹതപ്പെട്ടവർക്കെല്ലാം ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിക്കാൻ നിലവിൽ തടസം ഉണ്ടോ; വിശദമാക്കുമോ;

<u>വിഭവസമാഹരണ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി</u>

*190. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, എൻ .എ.നെല്ലിക്കുന്ന്

,, സി.മമ്മൂട്ടി

,, എൻ. ഷംസുദ്ദീൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടി പ്രത്യേക വിഭവസമാഹരണ സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) അടിയന്തരാവശ്യങ്ങൾ, ഇടക്കാലാവശ്യങ്ങൾ, ദീർഘകാല ആവശ്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഈ രീതിയിലുള്ള വിഭവസമാഹരണം

ഉപയോഗപ്പെടുത്തി ഏറ്റെടുത്തു നടപ്പാക്കേണ്ട പദ്ധതികൾ, വേർതിരിച്ച് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികളുടെ ഫീസിബിലിറ്റി, സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താൻ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ, ഉണ്ടാക്കാനാവുന്ന നേട്ടങ്ങൾ എന്നിവ വിലയിരുത്തി ഓരോ പദ്ധതിക്കും അനുമതി നല്കാനും നിർവ്വഹണം നിരീക്ഷിക്കാനുമുളള സംവിധാനമെന്താണെന്ന് വിശദമാക്കുമോ?

## സംയോജിത ചെക്ക് പോസ്റ്റ്

*191. ശ്രീ.കെ.അച്ചുതൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, സണ്ണി ജോസഫ്

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്, വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം വകുപ്പുകളുടെ ചെക്ക് പോസ്റ്റുകളാണ് സംയോജിത ചെക്ക് പോസ്റ്റിൽ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ?

(ഡി) സംസ്ഥാനത്ത് എല്ലായിടത്തും സംയോജിത ചെക്ക് പോസ്റ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; വ്യക്തമാക്കുമോ?

## വൈദ്യുതി നിരക്കിൽ സബ്സിഡി

*192. ശ്രീമതി.ഇ.എസ്.ബിജിമോൾ

ശ്രീ.സി.ദിവാകരൻ

,, ജി.എസ്.ജയലാൽ

,, വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി നിരക്കിലുണ്ടായിരുന്ന സബ്സിഡി പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര യൂണിറ്റുവരെ ഉപയോഗിക്കുന്നവർക്ക് യൂണിറ്റൊന്നിന് എത്ര സബ്സിഡിയാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സബ്സിഡി പിൻവലിക്കാനുണ്ടായ കാരണങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(സി) ഫിക്സഡ് ചാർജ്ജ്, മീറ്റർ വാടക എന്നിവയ്ക്ക് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി ഉപയോഗത്തിനനുസരിച്ച നിരക്കും ഡ്യൂട്ടി ചാർജ്ജിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

വ്യാജ കൈത്തറി ഉൽപ്പന്നങ്ങൾ

*193. ശ്രീ.കെ.കെ.നാരായണൻ

,, വി.ശിവൻകുട്ടി

,, സി.കൃഷ്ണൻ

,, ടി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറിയെന്ന പേരിലുള്ള വ്യാജ ഉല്പന്നങ്ങൾ വൻതോതിൽ വിറ്റഴിക്കപ്പെടുന്നത് സംസ്ഥാനത്തെ കൈത്തറി മേഖലയെ ഏത് തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലടക്കം വ്യാജ ഉല്പന്നങ്ങൾ കൈത്തറിയെന്ന പേരിൽ വിറ്റഴിക്കപ്പെടുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഹരിത യൗവനം പദ്ധതി

*194. ശ്രീ.പി.സി വിഷ്ണുനാഥ്

,, ഷാഫി പറമ്പിൽ

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിത യൗവനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ ?

<u>റൈസിംഗ് കേരള പദ്ധതി</u>

*195. ശ്രീ.സണ്ണി ജോസഫ്

,, കെ.മുരളീധരൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൈസിംഗ് കേരള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ വിഭവശേഷി വികസനം പരമാവധി പ്രയോജനപ്പെടുത്തി സംരംഭകത്വം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>റെയിൽവേ വികസനത്തിന് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ</u>

*196. ശ്രീ.ആർ. രാജേഷ്

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

,, കെ. ദാസൻ

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ റെയിൽവേ വികസനത്തിനുതകുന്ന പ്രധാന ആവശ്യങ്ങൾ ഉന്നയിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ ശരിയായ രീതിയിൽ സമീപിക്കാത്തത് സംസ്ഥാനം അവഗണിക്കപ്പെടുന്നതിന് കാരണമാകുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് വളരെ മുമ്പ് തന്നെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഗൃഹപാഠം നടത്തി അവതരിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോ: ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തിന്റെ പൊതു ആവശ്യമെന്ന നിലയ്ക്ക് എം.പി. മാരടക്കമുള്ളവരെ ഏകോപിപ്പിച്ച് ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തെ തുടർച്ചയായി കേന്ദ്രം അവഗണിക്കുന്നു എന്ന് വിലയിരുത്തുന്നുണ്ടോ ; ഇതിന്മേലുള്ള നിലപാട് വിശദമാക്കാമോ?

### വൈദ്യുതോല്പാദനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ

*197. ഡോ.കെ.ടി.ജലീൽ

ശ്രീ.കെ.സുരേഷ് കുറുപ്പ്

,, ബി.സത്യൻ

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അതുവരെ വൈദ്യുതോല്പാദനത്തിനായി ആവിഷ്കരിച്ച വിവിധ മേഖലയിലുള്ള പദ്ധതികൾ ഏതെല്ലാമായിരുന്നു ;

(ബി) ഈ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചുവെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

### സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി

*198. ശ്രീ.എ.റ്റി.ജോർജ്

,, ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡൻസ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പട്ടികവർഗ്ഗ കോളനികളിലും ആദിവാസി വിദ്യാർത്ഥികൾക്കിടയിലും ആരോഗ്യ ശുചിത്വ ബോധവൽക്കരണം നടത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിരിയിക്കുന്നത് ;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ആരെയൊക്കെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>മദ്യത്തിനും മയക്കമരുന്നിനും എതിരെ ബോധവൽക്കരണം</u>

*199. ശ്രീ.റ്റി.യു. കുരുവിള
,, സി.എഫ്.തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനും എതിരെ വ്യാപക ബോധവൽക്കരണം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യ തിന്മകൾക്കെതിരെ യുവജന മുന്നേറ്റത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാമെന്ന് വ്യക്തമാക്കുമോ?

<u>പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണം.</u>

*200. ശ്രീ.ടി.വി.രാജേഷ്
,, കോടിയേരി ബാലകൃഷ്ണൻ
,, കെ.കെ.ജയചന്ദ്രൻ
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തി യഥാസമയം യുക്തമായ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ;

(സി) മാനേജ് മെന്റ് വീഴ്ചമൂലം ലാഭകരമായി പ്രവർത്തിച്ചിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളും വൻ നഷ്ടത്തിലായിട്ടുണ്ടോ ;

(ഡി) പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിനായി അടിയന്തരമായി

ഇടപെടാൻ തയ്യാറാകുമോ?

<u>കേന്ദ്ര ലോട്ടറി നിയമം</u>

*201. ശ്രീമതി.കെ.കെ.ലതിക

,, പി. അയിഷാ പോറ്റി

ശ്രീ.സി.കെ സദാശിവൻ

,, എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോട്ടറി മാഫിയകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിന് കേന്ദ്ര ലോട്ടറി നിയമം തടസ്സമാകുന്നുണ്ടോ;

(ബി) എങ്കിൽ കേന്ദ്ര നിയമത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാർ എന്തെങ്കിലും ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോ;

(ഡി) ഈയിടെ വന്ന സുപ്രീംകോടതി വിധി കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി ചൂതാട്ടം തിരിച്ചുവരാനുള്ള സാഹചര്യം സൃഷ്ടിച്ചിട്ടുണ്ടോ;

(ഇ) കോടതി വിധിയിന്മേൽ റിവ്യൂ ഹർജി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഓൺലൈൻ ലോട്ടറി എല്ലാ സംസ്ഥാനങ്ങളിലും ആരംഭിക്കാൻ കഴിയും വിധത്തിൽ കേന്ദ്ര സർക്കാർ ലോട്ടറി ചട്ടം കൊണ്ടുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കേരള ഗാംബ്ലിംഗ് ആക്ട് ഭേദഗതി ചെയ്ത് ഓൺലൈൻ ലോട്ടറി സംസ്ഥാനത്ത് നിരോധിച്ചതുപോലെ രാജ്യത്താകെ ഓൺലൈൻ ലോട്ടറി നിരോധിക്കാൻ കേന്ദ്ര ചട്ടം ഭേദഗതി ചെയ്യാൻ സമ്മർദ്ദം ചെലുത്തുമോ?

<u>സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി</u>

*202. ശ്രീ.ബെന്നി ബെഹനാൻ

,, ജോസഫ് വാഴയ്ക്കൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഇപ്പോൾ ആശ്വാസ് പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏത് കാലയളവിലേക്കാണ് പദ്ധതി നടപ്പാക്കുന്നത്;

(ബി) മുമ്പ് നടപ്പാക്കിയ ആശ്വാസ് പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത് ;

(സി) ആശ്വാസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഏതെല്ലാം വായ്പകളാണ് വിശദമാക്കാമോ?

<u>റെയിൽവേ വികസനത്തിന് പദ്ധതികൾ</u>

*203. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

,, പി.സി. ജോർജ്

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനം മന്ദഗതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികളാണ് റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സമർപ്പിച്ചത്; വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തിന്റെ റെയിൽ മേഖലയുടെ അടിസ്ഥാന വികസനത്തിന് ഉതകുന്ന എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണിയുടെ അഭാവവും</u>

*204. ശ്രീ.പി.കെ.ബഷീർ

,, കെ.എൻ.എ.ഖാദർ

,, കെ.എം.ഷാജി

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രെയിനുകളിലെ ബോഗികളുടെ കാലപ്പഴക്കവും, അറ്റകുറ്റപ്പണിയുടെ അഭാവവും അപകടങ്ങൾക്ക് കാരണമാവുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തിന് അനുവദിക്കുന്ന പുതിയ റേക്കുകൾ തട്ടിയെടുത്ത്, പഴക്കംചെന്ന റേക്കുകൾ അയച്ചുതരുന്ന രീതിക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ബോഗികളുടെ അറ്റകുറ്റപ്പണികൾക്കു സംസ്ഥാനത്ത് സംവിധാനമുണ്ടോ; ഇല്ലെങ്കിൽ അതിനായി കേന്ദ്രത്തിൽ സംയുക്ത സമ്മർദ്ദം നടത്തുമോ?

<u>വൈദ്യുതി ബിൽ-ഓൺലൈൻ സംവിധാനം</u>

*205. ശ്രീ.സി.പി.മുഹമ്മദ്

,, പാലോട് രവി

,, ലൂഡി ലൂയിസ്

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ സംവിധാനം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

<u>സംസ്ഥാന ലോട്ടറിയുടെ സമ്മാന ഘടന മാറ്റം വരുത്തൽ</u>

*206. ശ്രീ.ബി.സത്യൻ

,, ജി.സുധാകരൻ

,, കെ.കെ.നാരായണൻ

,, എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ പുരോഗതിക്ക് അനുയോജ്യമായ തീരുമാനങ്ങൾ യഥാസമയം എടുക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) സമ്മാന ഘടനയിൽ മാറ്റം വരുത്തണമെന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) മാറ്റം വരുത്തുക വഴി കൂടുതൽ ടിക്കറ്റുകൾ വിറ്റഴിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുമെന്നതിൽ അഭിപ്രായം വ്യക്തമാക്കുമോ;

(ഡി) സമ്മാനഘടനയിൽ മാറ്റം വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് ഈ മേഖലയിലുള്ള ട്രേഡ് യൂണിയനുകളടക്കമുള്ളവരോട് ചർച്ച നടത്തുന്നതിന് തയ്യാറാകുമോ?

## നദീ തീരം കുഴിക്കുന്നതിനുള്ള അനുമതി

*207. ശ്രീ.കെ.അജിത്

,, വി.എസ്.സുനിൽ കുമാർ

ശ്രീമതി.ഗീതാ ഗോപി

ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീ തീരം കുഴിക്കുന്നതിന് സംസ്ഥാന മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അനുമതി നല്കാറുണ്ടോ;

(ബി) എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് അനുമതി നല്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നദീ തീരങ്ങളിൽ നിന്നും മണലെടുക്കുന്നതിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) കാലഹരണപ്പെട്ട ഒരു ഉത്തരവിന്റെ മറവിൽ, അനധികൃതമായി നദീ തീരങ്ങൾ കുഴിക്കുന്നതിന് അനുമതി നല്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഇത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഖാദിമേഖലയുടെ നവീകരണവും വൈവിദ്ധ്യവൽക്കരണം

*208. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, സി.കൃഷ്ണൻ

,, സാജു പോൾ

,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഖാദിമേഖലയുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഖാദിമേഖല വൈവിദ്ധ്യവൽക്കരിക്കുന്നതിനും നവീകരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന വാഗ്ദാനം നിറവേറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഖാദിമേഖലയിൽ ഉല്പന്നങ്ങൾ ആവശ്യത്തിനനുസരിച്ച് ഉല്പാദിപ്പിക്കുന്നതിന് സാദ്ധ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഖാദിമേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പ്രസ്തുത മേഖലയിൽ എന്തെല്ലാം പ്രതിസന്ധികൾ സൃഷ്ടിക്കുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഖാദിമേഖലയിലെ ഏതെല്ലാം സ്ഥാപനങ്ങളുടെയും സംരംഭങ്ങളുടെയും പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്; അവ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

നിക്ഷേപ താൽപര്യ സംരക്ഷണ നിയമം

*209. ശ്രീ.അൻവർ സാദത്ത്

,, തേറമ്പിൽ രാമകൃഷ്ണൻ

,, ബെന്നി ബെഹനാൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപ താൽപര്യ സംരക്ഷണ നിയമം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ബി) നിക്ഷേപ താല്പര്യ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിയമം ലംഘിക്കുന്നവർക്കെതിരെ എന്തെല്ലാം ശിക്ഷകളാണ് വ്യവസ്ഥചെയ്തിട്ടുള്ളത്;

(ഡി) നിയമം നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

വൈദ്യുതി ഉൽപാദന പദ്ധതികൾ

*210. ശ്രീ.എ.എം. ആരിഫ്

,, എ. പ്രദീപ്കുമാർ

,, രാജു എബ്രഹാം

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ നീണ്ടുപോകുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ ഓരോന്നും നടപ്പിലാക്കുന്നതിന് നിലവിൽ എന്ത് തടസ്സമാണ് ഉള്ളതെന്നും ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾ നടപ്പാക്കുന്നതിന് മറ്റേതെങ്കിലും വകുപ്പുകളിൽ നിന്ന് എന്തെങ്കിലും തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിച്ച് പദ്ധതി നടത്തിപ്പിന് ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
10-03-2015

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].